പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4323 19/10/2011-ൽ മറുപടിക്ക്

സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.കെ.ശിവദാസൻ നായർ
,, എം.എ.വാഹീദ്
,, വി.റ്റി.ബൽറാം
,, ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ .കെ .സി ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ച വരുന്നു. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ലാംഗേജ് ലാബ് സ്ഥാപിക്കുന്നതിനും മൺമറഞ്ഞ മഹാൻമാരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതിനായി 'അറിവ് നിറവ്' ഗ്രന്ഥ പരമ്പര ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മഹാൻമാരുടെ ജന്മശ്താബ്ദിയോടനുബന്ധിച്ച് 'വിജ്ഞാനകൈരളി'ഓരോ ലക്കവും പ്രത്യേക പതിപ്പായി പുറത്തിറക്കാനും കണ്ണൂരിലും എറണാകുളത്തും ഓരോ ബുക്ക് സ്റ്റാൾ തുടങ്ങുവാനും ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് നടപടി ഊർജ്ജിതപ്പെടുത്തുവാനുംതീരുമാനിച്ചിട്ടുണ്ട്. കേരള ലളിത കലാ അക്കാദമി ഈ മാസം തിരുവനന്തപുരം, തൃശ്ശൂർ, തലശ്ശേരി എന്നിവിടങ്ങളിലായി ഒരാഴ്ച നീണ്ട് നിൽക്കുന്ന ഏകാംഗപ്രദർശനങ്ങൾ അക്കാദമി ഗ്യാലറികളിൽ നടത്തുകയും തേക്കടിയിൽ വെച്ച് വനം വകുപ്പുമായി സഹകരിച്ച് 3 ദിവസം നീളുന്ന ഫോട്ടോഗ്രാഫി ക്യാമ്പ് സംഘടിപ്പിക്കകയുംചെയ്യും . അക്കാദമിയുടെ എല്ലാ ഗ്യാലറികളിലും ചിത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടു്. കൂടാതെ വിവിധ ജില്ലകളിലായി 20 പുതിയ ഗ്യാലറികൾ സ്വയം ഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടു്.<br>കേരള സാഹിത്യ അക്കാദമിയിൽ സജ്ജമാക്കിയിരിക്കുന്ന ഡിജിറ്റൽ ലൈബ്രറി അമൂല്യമായ മലയാള ഗ്രന്ഥങ്ങളും മാസികകളും ഡിജിറ്റലായി ലോക്കൽ ലൈബ്രറി നെറ്റ് വർക്കിംഗും ഇൻറർനെറ്റും വഴി വായനക്കാർക്കും ഗവേഷകർക്കും നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.കേരള സംഗീത നാടക അക്കാദമി നൃത്തശില്പശാല ,ഷട്കാല ഗോവിന്ദമാരാർ |

| | | | |
|---|---|---|---|
| | | | സംഗീതോത്സവം,നാടക രചന ശില്പശാല, മേക്കപ്പ് ശില്പശാല,ഐ.റ്റിഎഫ്..കെ.,കലോത്സവങ്ങൾ ,ആർട്ടിസ്റ്റ് കോട്ടേജ് നവീകരണം,അക്കാഡമി തീയറ്റർ നവീകരണം എന്നിവ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രസിദ്ധീകരിക്കുന്ന 'തളിര്' കെട്ടിലും മട്ടിലും പുതുമയുള്ള ദ്വൈവാരികയാക്കിയിട്ടുണ്ട്.ഇത് ഓൺലൈനായി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ട്വിറ്റർ,ഫേസ് ബുക്ക് ,ഗൂഗിൾ ബസ്,എന്നീ സോഷ്യൽ നെറ്റ് വർക്ക് ,ബ്ളോഗ് തുടങ്ങിയവയിൽ സജീവമാകാനും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നുണ്ട്. കേരള സംസ്ഥാന സർവ്വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് സർവ്വിജ്ഞാന കോശം 1 മുതൽ 10 വാല്യങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമി നാടൻ കലാരൂപങ്ങളുടേയും നാട്ടറിവുകളുടേയും സംരക്ഷണത്തിനായി കോട്ടയം ജില്ലയിലെ വെള്ളാവൂരിലും കാസർക്കോട്ടെ കൊടക്കാടും, കണ്ണൂർ കണ്ണപുരത്ത് തെയ്യം കലാഗ്രാമവും പാലക്കാട് ചെമ്പൈ സംഗീത കോളേജിനോടനുബന്ധിച്ച് ഒരു ഫോക്‌ലോർ സെന്ററും, ഗ്രാമങ്ങളിലും സ്കൂളുകളിലും ഫോക്‌ലോർ ക്ലബ്ബുകളും സംഘടിപ്പിക്കും. മറ്റു സംസ്ഥാനങ്ങളിലെ നാടൻ കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നതിനും ദേശീയോദ്ഗ്രഥനം കെട്ടുറപ്പിക്കുന്നതിനും വേണ്ടി ഭാരതോത്സവവും സംഘടിപ്പിക്കും |
| (ബി) | നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഏതെല്ലാം സ്ഥാപനങ്ങളിൽ ഇത് നടപ്പിൽ വരുത്തുകയുണ്ടായി ; | (ബി) | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നൂറ് ദിന കർമ്മ പരിപാടിയോടനുബന്ധിച്ച് 141 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.കേരള സംസ്ഥാന സർവ്വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് സർവ്വിജ്ഞാന കോശം വാല്യം 10 പുന: പ്രസിദ്ധീകരിച്ചു. |
| (സി) | ഒരു വർഷത്തെ കർമ്മ പരിപാടിയിൽ സാംസ്ക്കാരികസ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഇവയെ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ? | (സി) | സ്വീകരിക്കും |

സെക്ഷൻ ഓഫീസർ